**കേരള സർക്കാർ**

സംഗ്രഹം

സാമൂഹിക സുരക്ഷാ പെൻഷൻ പദ്ധതി - പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് വഴിയുള്ള പെൻഷൻ വിതരണത്തിലുള്ള കാലതാമസം - ഗുണഭോക്താക്കളുടെ പരാതി പരിഹരിക്കുന്നത് സംബന്ധിച്ച് - മറ്റ് പെൻഷൻ വിതരണ മാർഗ്ഗങ്ങൾ തെരഞ്ഞെടുക്കാനുള്ള അവസരം വീണ്ടും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (എസ്.എഫ്.സി സെൽ എ) വകുപ്പ്

സ.ഉ.(സാധാ.)നം.10829/2015/ധന തിരുവനന്തപുരം, തീയതി 14/12/2015.

പരാമർശം :- 1. സ.ഉ.(സാധാ)നം.1322/2013/ത.സ്വ.ഭ.വ തീയതി 18.05.2013.
2. സ.ഉ.(പി)നം.363/2013/ധന തീയതി 27.07.2013.
3. സ.ഉ.(പി)നം.384/2014/ധന തീയതി 05.09.2014.

**ഉത്തരവ്**

സാമൂഹിക സുരക്ഷാ പെൻഷൻ പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കൾക്ക് ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാപെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, അഗതി പെൻഷൻ എന്നിവ സർക്കാർ വിതരണം ചെയ്ത് വരുന്നു. കേന്ദ്ര സർക്കാർ നയത്തിന്റെ ഭാഗമായി ക്ഷേമപെൻഷൻ വിതരണത്തിന് ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ (DBT) സംവിധാനം സ്വീകരിക്കുകയുണ്ടായി. ബാങ്കുകൾ, പോസ്റ്റോഫീസ് സേവിഗ്സ് ബാങ്ക് അക്കൗണ്ട്, ഇലക്ട്രോണിക് മണി ഓഡർ (EMO) എന്നീമാർഗ്ഗങ്ങളിലൂടെ ക്ഷേമപെൻഷനുകൾ വിതരണം ചെയ്തുവരുന്നു. സംസ്ഥാനത്ത് പ്രതിമാസം ഏകദേശം 32 ലക്ഷം ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. ആകെ ഗുണഭോക്താക്കളിൽ 60% പേർക്ക് പോസ്റ്റോഫീസ് സേവിഗ്സ് ബാങ്ക് അക്കൗണ്ട് വഴിയും 24% പേർക്ക് ബാങ്കുകൾ വഴിയും (അവരുടെ താൽപ്പര്യപ്രകാരം) ബാക്കിയുള്ള തീരെ അവശരായ 16% പേർക്ക് അതാത് പ്രാദേശിക സർക്കാരുകളുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇലക്ട്രോണിക് മണി ഓഡർ വഴിയും പെൻഷൻ വിതരണം ചെയ്തുവരുന്നു.

2. സർക്കാർ നയത്തിന്റെ ഭാഗമായി സാമൂഹിക സുരക്ഷാപെൻഷനുകൾക്കായി വേണ്ടിവരുന്ന ഫണ്ട് യഥാസമയം തന്നെ സർക്കാർ വിതരണ ഏജൻസികൾക്ക് കൈമാറുന്നുണ്ട്. എന്നാൽ പോസ്റ്റോഫീസ് സേവിഗ്സ് ബാങ്ക് വഴി പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്കും കൃത്യമായ സമയപരിധിക്കുള്ളിൽ പെൻഷൻ ലഭിക്കുന്നില്ല എന്നു മാത്രമല്ല പെൻഷൻ ലഭിക്കുന്നതിൽ ന്യായീകരിക്കുവാൻ കഴിയാത്ത ബുദ്ധിമുട്ടുകളും നേരിടേണ്ടിവരുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും അക്കാര്യം 14.10.2015 ന് ചേർന്ന മന്ത്രിസഭായോഗം ശരിവയ്ക്കുകയും പെൻഷൻ ലഭിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസവും ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിനുള്ള അടിയന്തര നടപടികൾ കേരള ചീഫ്

പോസ്റ്റ് മാസ്റ്റർ ജനറലുമായി ചർച്ചചെയ്ത് സ്വീകരിക്കുവാൻ വേണ്ടി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

3. കേരള ചീഫ് പോസ്റ്റ് മാസ്റ്റർ ജനറലുമായി സർക്കാർ കാര്യങ്ങൾ ചർച്ച ചെയ്തുവെങ്കിലും പ്രശ്നം അടിയന്തരമായി പരിഹരിക്കാൻ കഴിയുന്ന തൃപ്തികരമായ നിർദ്ദേശങ്ങൾ ഒന്നും അദ്ദേഹത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായില്ല. തുടർന്ന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ വിഷയം ചർച്ച ചെയ്യുകയും പെൻഷൻ വിതരണത്തിൽ ഉണ്ടാകുന്ന കാലവിളംബത്തിന്റെ കാരണങ്ങളെക്കുറിച്ച് പോസ്റ്റോഫീസുകളിൽ വിവരം ശേഖരിച്ച് വിശദമായ ഒരു പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

4. അപ്രകാരം നടത്തിയ പഠനത്തിൽ താഴെപ്പറയുന്ന വസ്തുതകൾ സർക്കാർ വസ്തുനിഷ്ഠമായി കണ്ടെത്തുകയുണ്ടായി. ഏതുമാസത്തെ പെൻഷനാണ് ഗുണഭോക്താവിന് നൽകിയിട്ടുള്ളതെന്നറിയാൻ ബ്രാഞ്ച് പോസ്റ്റോഫീസുകളിൽ സൗകര്യമില്ല. ആവശ്യപ്പെട്ട വിവരം നൽകാൻപോലും ചില പോസ്റ്റോഫീസുകൾ തയ്യാറായില്ല. ചില കേസുകളിൽ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ പെൻഷൻ തുക വരവ് വെച്ചിരുന്നതായി പോസ്റ്റൽ അധികാരികൾ റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും യഥാർത്ഥത്തിൽ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ തുക എത്തിച്ചേർന്നിരുന്നില്ല. ഗുണഭോക്താവിന് തുക കൈമാറുന്നതിന് ന്യായീകരിക്കുവാൻ കഴിയാത്ത കാലവിളംബം ഉണ്ടാകുന്നതുകൂടാതെ അവർ പെൻഷൻ തുക കൈപ്പറ്റുന്നതിന് വേണ്ടി അനേകം തവണ (ചില കേസുകളിൽ 12 പ്രാവശ്യം വരെ) പോസ്റ്റോഫീസുകളെ സമീപിക്കേണ്ടിവന്നു.

5. പോസ്റ്റൽ വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഈ ഗുരുതരമായ വീഴ്ച 21.11.2015 ൽ ചേർന്ന മന്ത്രി സഭായോഗം പരിശോധിക്കുകയും പരിഹാരനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ബഹു.മന്ത്രിമാരായ ശ്രീ.ഷിബു ബേബി ജോൺ, ശ്രീ.അനിൽകുമാർ, ശ്രീ.കെ.സി.ജോസഫ്, ഡോ.എം.കെ.മുനീർ എന്നിവരടങ്ങുന്ന ഒരു മന്ത്രിസഭാ ഉപസമിതിയെ നിയോഗിക്കുകയുണ്ടായി. 02.12.2015 ൽ മന്ത്രിസഭാ ഉപസമിതി യോഗം ചേർന്ന് കാര്യങ്ങൾ വിശദമായി പരിശോധിച്ച് മന്ത്രിസഭയുടെ പരിഗണനയ്ക്കായി ശുപാർശകൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് സമർപ്പിച്ചു.

6. മന്ത്രിസഭാ ഉപസമിതി സമർപ്പിച്ച ശുപാർശകൾ 03.12.2015 ൽ കൂടിയ മന്ത്രിസഭായോഗം പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക സുരക്ഷാ പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കളുടെ സൗകര്യം കണക്കിലെടുത്ത് സർക്കാർ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഇലക്ട്രോണിക് മണി ഓർഡർ വഴിയുള്ള പെൻഷൻ വിതരണം നിലവിലുള്ള വ്യവസ്ഥകൾക്കനുസൃതമായി തുടരുന്നതാണ്.
ii. ബാങ്കുകൾ വഴി ഉള്ള പെൻഷൻ വിതരണം തുടരുന്നതാണ്.
iii. ഇപ്പോൾ പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് വഴി പെൻഷൻ ലഭിക്കുന്നവർക്ക് പെൻഷൻ ലഭിക്കുന്നതിന് കാലതാമസമോ ബുദ്ധിമുട്ടോ അനുഭവപ്പെടുന്നെങ്കിൽ അവർക്ക് ബാങ്ക് വഴി പെൻഷൻ ലഭിക്കുന്നതിന് ഓപ്ഷൻ നൽകാവുന്നതാണ്.

iv. ഓപ്ഷൻ നൽകാൻ താത്പര്യമുള്ള ഉപഭോക്താക്കൾക്ക് ആ സൗകര്യം 2016 ജനുവരി 15 വരെ ഉണ്ടായിരിക്കുന്നതാണ്.

v. ബാങ്കിലേക്ക് ഓപ്ഷൻ നൽകുന്നവർക്ക് 2016 ജനുവരി 15 മുതൽ ബാങ്കുവഴി പെൻഷൻ വിതരണം ചെയ്യുന്നതാണ്.

vi. ബാങ്ക് വഴി പെൻഷൻ വിതരണം ആരംഭിക്കുന്നതുവരെ പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് വഴിയുള്ള പെൻഷൻ വിതരണം തുടരുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**കെ.എം. എബ്രഹാം**

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
4. അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്
5. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
7. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
8. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
9. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
10. ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്
11. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എല്ലാ ജില്ലകളും
12. തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്
13. സാമൂഹ്യ നീതി (സി) വകുപ്പ്
14. എല്ലാ വകുപ്പ് തലവൻമാർക്കും
15. എല്ലാ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും
16. നോഡൽ ഓഫീസർ, www.finance.kerala.gov.in
17. ധനകാര്യ (വെൽഫെയർ/ഡെവലപ്പ്മെന്റ്/സ്ട്രീംലൈനിംഗ്/ബജറ്റ് വിംഗ് ജെ/ അക്കൗണ്ട്സ് എ/ബി) വകുപ്പ്
18. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ